# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1837 — 25.03.2013-ൽ മറുപടിയ്ക്ക്

### കാട്ടുതീ നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയിലെ കാടുകളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിന് എന്തെല്ലാം മുന്നൊരുക്കങ്ങൾ നടപ്പാക്കി; വിശദമാക്കുമോ; | എ) വയനാട് മേഖലയിൽ കാട്ടുതീ സാദ്ധ്യതയുള്ള ഭാഗങ്ങളിൽ വനമേഖലകളുടെ അതിർത്തിയിൽ കാട്ടുതീ പ്രതിരോധത്തിനായി വയനാട് ജില്ലയിൽ 930 മീറ്റർ ദൂരം ഫയർലൈൻ എടുത്തിട്ടുണ്ട്. കൂടാതെ കാട്ടുതീയ്ക്കെതിരെ ബോധവൽക്കരണ ക്യാമ്പ് നോട്ടീസ്/ബ്രോഷർ പ്രചരണം, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിയിട്ടുണ്ട്. വന്യജീവി സങ്കേതത്തിലെ വിനോദ സഞ്ചാരം നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) വേനൽമഴയുടെ കുറവ് കാട്ടുതീ പടരാനുള്ള സാധ്യത വർദ്ധിപ്പിച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | ബി) ഈ വർഷത്തെ കടുത്ത വരൾച്ചമൂലം വനമേഖലയിലെ നീരൊഴുക്ക് കുറഞ്ഞ് തടാകങ്ങൾ വറ്റി വരണ്ടതുമൂലവും അടിക്കാടുകൾ ഉണങ്ങിയത് മൂലവും കാട്ടുതീ പടരാൻ സാധ്യത വർദ്ധിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് തടയുന്നതിന് മേൽ വിവരിച്ച മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. |

| | |
|---|---|
| സി) കാട്ടുതീ നിയന്ത്രിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | സി) കാട്ടുതീ പ്രതിരോധത്തിനായി വന സംരക്ഷണ സമിതികൾ മുഖേന പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി സെമിനാറുകളും, റാലികളും, വാഹന പ്രചാരണ ജാഥകളും ബോധവൽക്കരണ ക്യാമ്പുകളും നടത്തിവരുന്നു. കുട്ടിപോലീസ് (സ്റ്റുഡന്റ് പോലീസ്) NCC, NSS സ്കൗട്ട് ഗൈഡ്സ് എന്നവയുടെ സഹായത്തോടെ ജാഥകളും റാലികളും നടത്തുകയും കാട്ടുതീ പ്രതിരോധ ഫയർലൈനുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. സ്കൂൾ, കോളേജ് കുട്ടികളുടെ സഹായത്തോടെ വീടുകളിൽ കയറിയിറങ്ങി കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യവും വനസംരക്ഷണത്തിന്റെ ആവശ്യകതയും അറിയിക്കുന്നു. വനത്തിന്റെ പ്രാധാന്യവും കാട്ടുതീയുടെ ദോഷഫലവും കാണിക്കുന്ന നോട്ടീസുകളും, പോസ്റ്ററുകളും, സ്റ്റിക്കറുകളും ഉണ്ടാക്കി പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ